# മലയാളം / MALAYALAM

## പേപ്പർ I / Paper I

## (സാഹിത്യം) / ( LITERATURE )

| | |
|---|---|
| സമയം : **മൂന്ന്** മണിക്കൂർ | പരമാവധി മാർക്ക് : **250** |
| *Time Allowed : **Three** Hours* | *Maximum Marks : **250*** |

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

## SECTION A

**Q1. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) "സംസ്കൃത ഹിമഗിരിഗളിതാ ദ്രാവിഡഭാഷാ കളിന്ദജാമിളിതാ" എന്ന് മലയാള ഭാഷയുടെ ഉത്പത്തിയെപ്പറ്റി കോവുണ്ണി നെടുങ്ങാടി നിർണ്ണയിച്ചത് പിൽക്കാല ഭാഷാശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നുണ്ടോ ? *10*

(b) അപാമരജനപ്രസിദ്ധമായ ഉത്കൃഷ്ടഭാഷ എന്ന് ലീലാതിലകകാരൻ പറയുന്നത് ഭാഷയുടെ ഏതു രൂപത്തെപ്പറ്റിയാണ് ? മണിപ്രവാളം എന്നും മിശ്രഭാഷ എന്നും വിശേഷിപ്പിക്കപ്പെടുന്ന ഭാഷാരൂപങ്ങളുടെ ലക്ഷ്യ-ലക്ഷണങ്ങൾ വ്യക്തമാക്കുക. *10*

(c) വടക്കൻ പാട്ടിന്റെയും തെക്കൻ പാട്ടിന്റെയും ഭാഷാപരമായ സവിശേഷതകൾ ചൂണ്ടിക്കാട്ടി ഭാഷാവികാസത്തിൽ അവയ്ക്കുള്ള സ്ഥാനം എന്തെന്നു് നിർണ്ണയിക്കുക. *10*

(d) ഭരണഭാഷ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് പരിവർത്തിതമാകുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത് ? സോദാഹരണം വിവരിക്കുക. *10*

(e) മാധ്യമങ്ങളിലെ ഭാഷ ശുദ്ധമലയാളം ആണോ ? നല്ല ഭാഷ ആയിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക. *10*

**Q2. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) കൊടുന്തമിഴ് മലയാളം ആയതെങ്ങനെയെന്ന് കേരളപാണിനി ചർച്ച ചെയ്യുന്നു. ഭാഷാസാഹിത്യ വികാസചരിത്രത്തിൽ ഘട്ടവിഭാഗം നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ സൈദ്ധാന്തികചർച്ച പരിശോധിച്ച് മലയാളത്തിന്റെ വ്യവസ്ഥാപനം ഉണ്ടായതെങ്ങനെ എന്ന് വ്യക്തമാക്കുക. *20*

(b) രാമചരിതവും രാമകഥപ്പാട്ടും തിരുവനന്തപുരത്ത് രചിക്കപ്പെട്ട കൃതികളാണ്. അവയിലെ ഭാഷ മലയാളത്തിന്റെ വികാസചരിത്രത്തിൽ ഏതുരൂപമായാണ് പ്രതിബിംബിപ്പിക്കുന്നത് എന്ന് പരിശോധിക്കുക. *15*

(c) ആദ്യകാല മലയാളഭാഷയുടെ ഗദ്യസ്വരുപം ഗ്രഹിക്കാൻ ഏതെല്ലാം ഉപാദാനങ്ങൾ അണ് ഉള്ളത് ? അവയിൽ നിന്നു ലഭിക്കുന്ന വസ്തുതകൾ എന്തെല്ലാം ? *15*

**Q3. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) ആട്ടക്കഥകളും തുള്ളൽകഥകളും പ്രാധാന്യേന ഒരു നൂറ്റാണ്ടിൽ രചിക്കപ്പെട്ടവയാണ്. ഏതെല്ലാം രീതിയിലാണ് ഈ രണ്ടു ദൃശ്യസാഹിത്യ രൂപങ്ങളും ഭാഷയെ സമ്പന്നമാക്കിയിട്ടുള്ളത് ? *20*

(b) ആട്ടപ്രകാരങ്ങളും ക്രമദീപികകളും രചിക്കപ്പെട്ടത് എന്തിനുവേണ്ടിയായിരുന്നു ? അവയുടെ സ്വരൂപം മലയാളത്തിന്റെ ഏതു വികാസദശയ്ക്ക് നിദർശനമാണെന്ന് പരിശോധിക്കുക. *15*

(c) കൃഷ്ണഗാഥയിലെ ഭാഷയും തുള്ളൽകഥകളിലെ ഭാഷയും പില്ക്കാല മലയാള ഭാഷാസ്വരൂപത്തോട് എത്രമാത്രം അടുത്തിരിക്കുന്നു ? സോദാഹരണം വിവരിക്കുക. *15*

**Q4. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) ബെഞ്ചമിൻ ബെയ്‌ലിയും ഹെർമൻ ഗുണ്ടർട്ടും മറ്റു പ്രമുഖമിഷനറിമാരും മലയാളികളുടെ ഭാഷാവികാസത്തിനു നല്കിയ സംഭാവനകൾ വിശദീകരിക്കുക. *20*

(b) ഗദ്യപദ്യോദയമായ ചമ്പുക്കൾ സംസ്കൃതത്തിലെ ചമ്പുസാഹിത്യത്തോട് കടപ്പെട്ടിരിക്കുന്നു. മലയാളഭാഷയുടെ വളർച്ചയ്ക്ക് ചമ്പുക്കൾ എത്ര ഉപകരിച്ചിട്ടുണ്ട് എന്ന് നിർണ്ണയിക്കുക. *15*

(c) ജ്ഞാനപ്പാനയും ഇതര കൃതികളും അടിസ്ഥാനമാക്കി പൂന്താനത്തിന്റെ ഭാഷ മലയാളത്തിന് എത്ര ഇണങ്ങുന്നു എന്ന് പരിശോധിക്കുക. *15*

## SECTION B

**Q5. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) പച്ചമലയാള പ്രസ്ഥാനത്തിലെ പ്രമുഖ കവികൾ ആരെല്ലാമായിരുന്നു ? അവരുടെ രചനാസവിശേഷതകൾ എന്തെല്ലാം ? *10*

(b) "സന്ദേശം അതൊന്നേയുള്ളൂ" എന്ന നിരൂപകമതത്തെ സാധൂകരിക്കാമോ ? സന്ദേശകാവ്യ പ്രസ്ഥാനത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക. *10*

(c) അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്നീ നാടകങ്ങളുടെ സാമൂഹികപ്രസക്തി എന്ത് ? *10*

(d) ജി. ശങ്കരക്കുറുപ്പിന്റെ കവിതയുടെ ചാരുത ഏതെല്ലാം ഘടകങ്ങളെ അശ്രയിച്ചിരിക്കുന്നു ? വിവരിക്കുക. *10*

(e) എൻ.വി. കൃഷ്ണവാരിയരുടെ കവിതകളിൽ പ്രതിഫലിതമാകുന്ന ആധുനിക ജീവിതത്തിന്റെ മുഖം എന്തെന്നു വ്യക്തമാക്കുക. *10*

**Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) എം.ടി. വാസുദേവൻ നായർ മലയാളത്തിലെ നോവൽസാഹിത്യത്തിനു് നൽകിയ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക. *20*

(b) എഴുത്തച്ഛൻ ഭക്തി പ്രസ്ഥാനത്തിനു നല്കിയ സംഭാവനകളെ വിശദമാക്കുക. *15*

(c) നാടൻപാട്ടുകളിൽ പ്രതിഫലിക്കുന്ന സാമൂഹിക ജീവിതത്തെക്കുറിച്ച് വിശകലനം ചെയ്യുക. *15*

Q7. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. *20+15+15=50*

(a) ആട്ടക്കഥകളിൽ ശ്ലോകങ്ങളും പദങ്ങളും ചുരുക്കമായി ദണ്ഡകങ്ങളും ഉൾപ്പെടുത്തികാണാം. ഈ ഘടന ദൃശ്യകാവ്യത്തിന്റെ ഭാഷാപരമായ സവിശേഷതകളിലേക്ക് വെളിച്ചം വീശുന്നുണ്ടോ ? പരിശോധിക്കുക. *20*

(b) മലയാളത്തിലെ ആഖ്യായികാചരിത്രത്തിൽ ചരിത്രത്തിനും സാമൂഹികജീവിതത്തിനും എത്ര സ്ഥാനം ലഭിച്ചു ? സി.വി. യുടെയും ചന്തുമേനോന്റെയും കൃതികളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക. *15*

(c) മലയാളത്തിന്റെ നവോത്ഥാനദശയിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനും എ.ആർ. രാജരാജവർമ്മയും നല്കിയ ഉത്തേജനങ്ങളെപ്പറ്റി വിവരിക്കുക. *15*

Q8. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. *20+15+15=50*

(a) ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മഹാകവികൾ സമാരംഭിച്ച കാല്പനിക നവോത്ഥാനം പില്ക്കാല കവികളെ ഏതെല്ലാം പ്രകാരത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വിവരിക്കുക. *20*

(b) കഥാസാഹിത്യശാഖയിൽ ലളിതാംബിക അന്തർജ്ജനം, രാജലക്ഷ്മി എന്നിവരുടെ രചനകളുടെ സ്ഥാനവും മൂല്യവും നിർണ്ണയിക്കുക. *15*

(c) തകഴി ശിവശങ്കരപ്പിള്ളയുടെയും വി.കെ.എൻ.-ന്റെയും രചനാരീതികളെ താരതമ്യം ചെയ്യുക. *15*